# സ്ത്രീയും

# വിവാഹനിയമങ്ങളും


**കേരള വനിതാ കമ്മീഷൻ**

വാൻറോസ് ജംഗ്ഷൻ

തിരുവനന്തപുരം 695 034

# സ്ത്രീയും നിയമവും

സ്ത്രീകൾക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കാൻ കഴിയുന്ന ഒരു സമൂഹമാണെങ്കിൽ തീർച്ചയായും അതിനെ നമുക്ക് പരിഷ്കൃത സമൂഹം എന്ന് പറയാം. അതിനായി ആദ്യം ഒരു കുടുംബത്തിലെ ഒരു സ്ത്രീക്കെങ്കിലും നിയമത്തിനെക്കുറിച്ച് അവബോധമുണ്ടാകണം. നിയമബോധമുള്ള ഒരു സ്ത്രീയിലൂടെ ഉത്തരവാദിത്വബോധമുള്ള ഒരു പുതിയ തലമുറയെ നമുക്ക് വാർത്തെടുക്കാൻ കഴിയും.

# സ്ത്രീയും വിവാഹനിയമവും

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ സ്ഥാപനത്തിന് വേണ്ടി ഒത്തുചേരുന്ന സ്ത്രീപുരുഷന്മാർക്ക് ഭാരര്യാഭർത്താവ് എന്നീ പദങ്ങൾ നൽകി സമൂഹം അംഗീകരിക്കുകയും കൂടാതെ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് നിയമപരമായി അംഗീകാരം ലഭിക്കുന്നു എന്നതുമാണ് വിവാഹം എന്നതുകൊണ്ട് സാധ്യമാകുന്നത്.

# ഹിന്ദു വിവാഹം

1955-ലെ ഹിന്ദു വിവാഹനിയമം അനുസരിച്ച് ജനനംകൊണ്ട് ഹിന്ദുവായ ഒരാൾക്കും ക്രിസ്ത്യാനി പാർസി ജൂതൻ മുസ്ലീം എന്നിവരൊഴികെയുള്ള ഇതരമതക്കാർക്കും ഈ നിയമം ബാധകമാണ്.

ഈ നിയമം വിവാഹത്തിനായി പ്രത്യേകമായി ആചാരങ്ങളോ നടപടിക്രമങ്ങളോ നിഷ്കർഷിക്കുന്നില്ല. എന്നാൽ വർഷങ്ങളായി പാലിച്ചുവരുന്ന കീഴ്‌വഴക്കങ്ങൾക്ക് മതിയായ പരിഗണന നൽകുന്നുണ്ട്. അതിനാൽ 1955-ലെ ഹിന്ദു വിവാഹനിയമം പ്രകാരം വിവാഹം സാധൂകരിക്കുന്നതിൽ കീഴ്‌വഴക്കങ്ങൾക്കും ആചാരങ്ങൾക്കും പ്രസക്തിയുണ്ട്.

നിയമപ്രകാരമുള്ള ഒരു ഹിന്ദു വിവാഹത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം.

1. വിവാഹസമയത്ത് വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയായിരിക്കണം.
2. വരന് ജീവിച്ചിരിക്കുന്ന ഭാര്യയോ വധുവിന് ജീവിച്ചിരിക്കുന്ന ഭർത്താവോ ഉണ്ടായിരിക്കരുത്.

3. വധൂവരന്മാരുടെ സമ്മതം സ്വമനസ്സാലെ ആവണം ആയതിനുള്ള കഴിവുണ്ടായിരിക്കണം.
4. ചിത്തഭ്രമമോ മനോരോഗമോ തുടർച്ചയായി വരുന്ന ഉന്മാദ രോഗങ്ങളോ ഉണ്ടായിരിക്കരുത്.
5. മാനസിക തകരാറുകാരണം വൈവാഹിക ധർമ്മങ്ങൾ നിറവേറ്റാൻ കഴിയാത്തവരാകരുത്. കൂടാതെ അതുകൊണ്ട് കുട്ടികൾക്ക് ജന്മം നൽകാനോ സംരക്ഷിക്കാനോ കഴിയാത്തവർ ആകരുത്.
6. ആചാരങ്ങളോ അനുഷ്ഠാനങ്ങളോ അനുവദിക്കുന്നെങ്കിൽ മാത്രം വിവാഹത്തിനു നിരോധിക്കപ്പെട്ട അടുത്ത രക്തബന്ധത്തിൽ ഉള്ളവരെ വിവാഹം കഴിക്കാം.
7. സബ് രജിസ്ട്രാറുടെ മുന്നിൽ വിവാഹം രജിസ്റ്റർ ചെയ്തതുകൊണ്ടു മാത്രം വിവാഹത്തിന് നിയമ സാധുത ലഭിക്കുന്നില്ല. ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ചുള്ള വിവാഹം നടന്നിരിക്കണം.
8. വിവാഹശേഷം എല്ലാ വിവാഹവും രജിസ്റ്റർ ചെയ്തിരിക്കണം.
9. മിശ്ര വിവാഹം അനുവദനീയമാണ്.
10. വിധവാ വിവാഹം അനുവദനീയമാണ്.
11. വർഷങ്ങളായി ഭാര്യഭർത്താക്കൻമാരായി ഒരേ വീട്ടിൽ സഹവസിക്കുന്ന ദമ്പതികളുടെ കാര്യത്തിൽ അവരുടെ വിവാഹം വിധിപ്രകാരം ചടങ്ങുകളോടെ നടന്നിരുന്നോ എന്ന് അന്വേഷിക്കേണ്ട കാര്യമില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്.

## സ്വയമേ അസാധുവാകുന്ന വിവാഹം

വിവാഹസമയം വധുവിനോ, വരനോ മറ്റൊരു ഭാര്യ ജീവിച്ചിരിക്കുക വിവാഹത്തിനു നിരോധിച്ചിട്ടുള്ള ബന്ധത്തിൽപെട്ടവരായ വധൂവരന്മാർ എങ്കിൽ ആ വിവാഹം അസാധുവായി കണക്കാക്കാം. കൂടാതെ ദമ്പതികൾക്ക് ഭാര്യഭർത്താക്കൻമാരുടെ പദവി നഷ്ടപ്പെടുകയും ചെയ്യും.

## അസാധുവാക്കാവുന്ന വിവാഹം

വിവാഹ പങ്കാളി തന്നെ വഞ്ചിച്ചിട്ടുണ്ടെന്ന് ആക്ഷേപമുള്ളവർ വഞ്ചന കണ്ടുപിടിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ

പരിഹാരം തേടി കോടതിയെ സമീപിക്കണം. മേൽ പരാമർശിക്കപ്പെട്ട ഏതൊരു സാഹചര്യത്തിലും അസാധുവാക്കാവുന്ന വിവാഹങ്ങൾ കോടതിയിൽ നിന്നും അസാധുവാക്കിക്കൊണ്ടുള്ള വിധിയുണ്ടാകാത്തിടത്തോളം കാലം സാധുവായിരിക്കുന്നതും നിയമപരമായി അംഗീകാരമുള്ളതായിരിക്കുന്നതുമാണ്.

## ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാനുള്ള അവകാശം

വിവാഹപങ്കാളിയുമായി ഒരുമിച്ച് താമസിക്കാനും ലൈംഗിക ബന്ധത്തിലേർപ്പെടാനുമുള്ള ഒരു വ്യക്തിയുടെ അവകാശം വിവാഹബന്ധത്തിലെ മൗലികമായ അവകാശമായി നിയമം അംഗീകരിച്ചിട്ടുണ്ട്. ഹിന്ദു വിവാഹ നിയമമനുസരിച്ച് വിവാഹപങ്കാളികളിൽ ഒരാൾ മറ്റെയാളുടെ സഹവാസത്തിനുള്ള അവകാശം നിഷേധിക്കരുതെന്ന് അനുശാസിക്കുന്നു. ന്യായമായ കാരണങ്ങളിലില്ലാതെ സഹവാസം നിഷേധിക്കപ്പെടുന്നയാൾക്ക് വിവാഹബന്ധം പുനഃസ്ഥാപിച്ച് കിട്ടുന്നതിന് കോടതിയെ സമീപിക്കുവാനുള്ള അവകാശമുണ്ട്. ന്യായമായ കാരണങ്ങളാലാണോ ഉപേക്ഷിച്ച് പോയതെന്ന് ഉപേക്ഷിച്ച് പോയ ആൾ തെളിയിക്കണം. ഭർത്താവ് മറ്റൊരു സ്ത്രീയെ കൂടെ താമസിപ്പിക്കുക ഭാര്യയുമായി ലൈംഗികമായി ബന്ധപ്പെടാതിരിക്കുക ഭാര്യക്ക് സ്വഭാവദൂഷ്യമുണ്ടെന്ന് സത്യവിരുദ്ധമായി ആരോപിക്കുക ഭർത്താവ് അന്യപുരുഷനുമായി ലൈംഗികബന്ധത്തിലേർപ്പെടാൻ നിർബന്ധിക്കുക തുടങ്ങിയ കാരണങ്ങൾ ന്യായമാണെന്ന് കോടതി വിധികളുണ്ട്.

## വിവാഹ മോചനം

താഴെപ്പറയുന്ന ഏതെങ്കിലും കാരണത്താൽ ഭാര്യക്കോ ഭർത്താവിനോ വിവാഹമോചനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ ഹർജി നൽകാം.

1. വ്യഭിചാരം പരസ്ത്രീ ബന്ധം പരപുരുഷബന്ധം തുടങ്ങിയവ
2. ക്രൂരമായ പങ്കാളിയുടെ പെരുമാറ്റം. ഇതിൽ ഒരാളുടെ ജീവന് അപകടകരമായതോ മനസ്സിനോ ശരീരത്തിനോ ഹാനികരമായിട്ടുള്ളതോ ആയ പെരുമാറ്റവും ഉൾപ്പെടുന്നു.
3. ചികിത്സാതീതമായ മാനസീകരോഗം
4. ഭാര്യയോ ഭർത്താവോ ഹിന്ദുമതം ഉപേക്ഷിക്കുക

5. തുടർച്ചയായി ഏഴുവർഷക്കാലം ഒരു വ്യക്തിയെക്കുറിച്ച് അയാൾ ജീവിച്ചിരുന്നുവെങ്കിൽ സാധാരണഗതിയിൽ അറിയുമായിരുന്ന ആളുകൾക്ക് യാതൊരു വിവരവും ഇല്ലാതിരിക്കുക.
6. 2 വർഷത്തിലേറെ കാലം ഉപേക്ഷിച്ചു പോവുക

## പരസ്പര സമ്മതപ്രകാരമുള്ള വിവാഹമോചനം

തുടർച്ചയായി ഒരു കൊല്ലക്കാലം വേർപിരിഞ്ഞ് താമസിച്ച ശേഷം തുടർന്നും ഒരുമിച്ച് ജീവിക്കാൻ സാധ്യമല്ലെന്ന് രണ്ടുപേരും തീരുമാനിച്ചാൽ ഉഭയസമ്മതപ്രകാരം കോടതിമുമ്പാകെ വിവാഹമോചനം തേടാം. എന്നാൽ ഹർജി സമർപ്പിച്ച് ആറുമാസത്തിന് ശേഷമേ വിവാഹബന്ധം വേർപെടുത്തികൊണ്ട് കോടതി തീർപ്പ് കൽപ്പിക്കൂ. ഈ ആറുമാസ കാലാവധി വീണ്ടുവിചാരത്തിനുള്ള കാലമാണ്. അതിനിടക്ക് ഭാര്യക്കോ ഭർത്താവിനോ ഇതിൽനിന്ന് പിൻതിരിയാൻ അവകാശമുണ്ട്.

## വേർപെട്ട് താമസിക്കൽ

ചില പ്രത്യേക സാഹചര്യങ്ങളിൽ കോടതിയുടെ അനുവാദത്തോടെ ദമ്പതികൾക്ക് വേർപെട്ട് താമസിക്കാം. വിവാഹമോചനത്തിനുള്ള കാരണങ്ങൾ തന്നെയാണ് വേർപെട്ട് താമസിക്കലിനും ഉള്ളത്. ഒരു വർഷത്തെ കാലാവധിയാണ് ഈ വേർപെട്ട് താമസിക്കലിന് കോടതി അനുവദിക്കുന്നത്. ഈ കാലയളവിൽ മാനസാന്തരമുണ്ടായി പരസ്പരം യോജിക്കുന്നില്ലെങ്കിൽ കക്ഷികൾക്ക് വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാം.

## കോടതി

ദമ്പതികളെ സംബന്ധിച്ച കേസുകൾ കേൾക്കാനും തീർപ്പുകൽപിക്കാനുമുള്ള അധികാരം കുടുംബകോടതികൾക്കാണ്. ഈ കോടതിക്ക് താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കാൻ അധികാരമുണ്ട്.

1. വിവാഹത്തിന്റെ സാധുത
2. ദാമ്പത്യബന്ധം പുന:സ്ഥാപിക്കൽ
3. വിവാഹമോചനം

4. ജുഡീഷ്യൽ വേർപാട് പ്രത്യേകം വേർപിരിഞ്ഞു താമസിക്കാനുള്ള അവകാശം
5. വൈവാഹിക പദവിയുടെ പ്രഖ്യാപനം
6. ഭാര്യാഭർത്താക്കൻമാരുടെ സ്വത്ത് തർക്കം
7. വ്യക്തികളുടെ നിയമസാധുത്വം
8. ജീവനാംശം
9. രക്ഷകർതൃത്വം-കുട്ടികളുടെ ശരീരത്തിനെ സംബന്ധിച്ചുള്ളത്
10. ദത്തെടുക്കൽ തുടങ്ങിയവ

കുട്ടികളുടെ വസ്തുക്കളെ സംബന്ധിച്ച് രക്ഷാകർത്തൃത്വം ജില്ലാ അധികാരപരിധിക്കകത്താൽ വിവാഹം നടത്തിയ സ്ഥലം ഉൾപ്പെട്ട കോടതിയിലോ വിവാഹം കഴിഞ്ഞ് അവസാനമായി ഒരുമിച്ച് ഭാര്യാഭർത്താക്കൻമാരായി താമസിച്ച സ്ഥലത്തെ കോടതിയിലോ അതുമല്ലെങ്കിൽ എതിർകക്ഷി താമസിക്കുന്ന സ്ഥലത്തെ കോടതിയിലോ കേസ് ഫയൽ ചെയ്യാം.

## പുനർവിവാഹം

ഹിന്ദു നിയമപ്രകാരം വിവാഹമോചിതരായവർക്കും വിധവകൾക്കും പുനർവിവാഹം കഴിക്കാം. എന്നാൽ വിവാഹമോചിതരായവർ അപ്പീൽ കൊടുത്തിട്ടുണ്ടെങ്കിൽ അപ്പീൽ തീരുമാനിക്കുന്നതുവരേയോ അപ്പീൽ കൊടുത്തിട്ടില്ലെങ്കിൽ അപ്പീൽ കൊടുക്കാനുള്ള കാലാവധി കഴിയുന്നതുവരേയോ കാത്തിരിക്കണം.

## ക്രിസ്ത്യാനികൾക്ക് ബാധകമായ നിയമങ്ങൾ

1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമം തിരുവിതാംകൂർ-കൊച്ചി പ്രദേശത്തുള്ള ക്രിസ്ത്യാനികൾക്ക്-ബാധകമല്ല. വിവാഹത്തിന്റെ ചടങ്ങുകളും സാധുതയും തീരുമാനിക്കുന്നത് കാനോൻ അഥവാ പള്ളി നിയമം അനുസരിച്ചാണ്. വേദപ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് സഭാചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. പള്ളിയിൽ വച്ച് പുരോഹിതനാണ് വിവാഹകർമ്മം നടത്തുന്നത്. പള്ളിയിലെ വിവാഹ രജിസ്റ്റർ വിവാഹം നടന്നുവെന്ന് കാണിക്കുന്ന പ്രധാനപ്പെട്ട തെളിവാണ്.

ക്രിസ്ത്യാനികൾക്ക്-ബാധകമാക്കിയിട്ടുള്ള മറ്റൊരു പ്രധാന നിയമമാണ് 1869-ലെ വിവാഹമോചന നിയമം. 30.10.2001-ൽ

നടപ്പിൽ വന്ന ഭേദഗതികൾ നിയമവ്യവസ്ഥയിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

## ക്രിസ്ത്യൻ വിവാഹം

ഇന്ത്യയിലുള്ള ക്രിസ്ത്യാനികൾക്ക് പൊതുവെ ബാധകമായ നിയമമാണ് 1972-ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമം. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുസരിച്ചാണ് പ്രധാനമായും വിവാഹ ചടങ്ങുകൾ നടക്കുന്നത്. ഇന്ത്യൻ ക്രിസ്ത്യൻ വിവാഹനിയമമനുസരിച്ചാണ് ക്രിസ്ത്യാനികളുടെ വിവാഹം നടക്കുന്നതെങ്കിലും പ്രത്യേക വിവാഹനിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഈ നിയമം തടസ്സമല്ല. ഈ നിയമത്തിൽ വിവാഹം നടത്തികൊടുക്കാൻ നിയോഗിക്കപ്പെട്ടവർ പാതിരി മതശശ്രൂഷകർ അല്ലെങ്കിൽ വിവാഹ രജിസ്റ്റർ എന്നിവരാണ്.

## നിയമത്തിൻ കീഴിൽ ലൈസൻസ് നൽകപ്പെട്ട മതശുശ്രൂഷകൻമാർ നടത്തുന്ന വിവാഹം

മതശുശ്രൂഷകൻ വിവാഹ ശുശ്രൂഷ നടത്തണമെന്ന് എപ്പോഴെങ്കിലും ഉദ്ദേശിച്ചാൽ അത്തരം മതശുശ്രൂഷകന് രേഖാമൂലം വിവരത്തിന് നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസിൽ വിവാഹത്തിന് ഉദ്ദേശിക്കുന്ന വ്യക്തികളുടെ പേര് പൂർണ്ണമായ വിലാസം രണ്ടുപേരുടേയും താമസസ്ഥലം വിവാഹം നടത്തേണ്ട സ്ഥലം സമയം തുടങ്ങിയ വിശദ്ദ വിവരങ്ങൾ എഴുതേണ്ടതാണ്.

ഇതിൽ താമസസ്ഥലത്തിന്റെ കാര്യം പ്രത്യേകം നിയമം എടത്തു പറയുന്നുണ്ട്. നോട്ടീസിൽ പറയുന്ന താമസസ്ഥലത്ത് ഒരു മാസത്തിൽ കൂടുതൽ താമസിച്ചിട്ടുണ്ടെങ്കിൽ അവിടെ ഒരു മാസവും അതിൽ കൂടുതലുമെന്ന് പ്രത്യേകം എടുത്തെഴുതണമെന്നാണ് നിയമവ്യവസ്ഥ.

വിവാഹം പള്ളിയിൽവച്ചാണ് നടത്താനുദ്ദേശിക്കുന്നതെങ്കിൽ പള്ളിയുടെ ശ്രദ്ധേയമായ ഭാഗങ്ങളിലോ സ്വകാര്യ താമസസ്ഥലത്താണ് നടത്താനുദ്ദേശിക്കുന്നതെങ്കിൽ വിവാഹരജിസ്ട്രാറുടെ ഓഫീസിലോ നോട്ടീസ് പരസ്യപ്പെടുത്തേണ്ടതാണ്. പരസ്യപ്പെടുത്തി കഴിഞ്ഞാൽ നോട്ടീസും പ്രതിജ്ഞാപത്രവും കിട്ടിയതിന് സ്വന്തം കൈപ്പടയിൽ ഒരു സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. ഈ

സർട്ടിഫിക്കറ്റ് നൽകി രണ്ടു മാസത്തിനകം വിവാഹം നടത്തിയിരിക്കണം. ഇപ്രകാരം സാക്ഷ്യപത്രം നൽകേണ്ടത് ചില നിബന്ധനകൾക്ക് വിധേയമായിട്ടുവേണമെന്നും നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത്

1. നോട്ടീസ് കിട്ടി നാലു ദിവസം കഴിയാതെ സാക്ഷ്യപത്രം നൽകാവുന്നതല്ല.
2. മതശുശ്രൂഷകന് ബോദ്ധ്യപ്പെട്ട നിയമപരമായ പ്രതിബന്ധങ്ങൾ ഒന്നുമില്ലെങ്കിലെ സാക്ഷിപത്രം നൽകാൻ പാടുള്ളൂ.
3. അധികാരമുള്ള വ്യക്തി സാക്ഷിപത്രം നൽകുന്നത് നിരോധിച്ചിട്ടുണ്ടാകാനും പാടില്ല.

## രജിസ്റ്റർ നടപടികൾ

ക്രിസ്ത്യാനികൾ തമ്മിലോ ഏതെങ്കിലും ഒരാൾ ക്രിസ്ത്യാനിയായതുകൊണ്ടോ നടക്കുന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണം.

## വിവാഹ രജിസ്ട്രാർ

ഒരു വിവാഹ രജിസ്ട്രാറുടെ സാന്നിദ്ധ്യത്തിലോ ഒരു വിവാഹ രജിസ്ട്രാറുടെ ശുശ്രൂഷയിലോ വിവാഹം നടത്തണമെന്ന് ഉദ്ദേശിക്കുന്നവരിലൊരാൾ വിവാഹം നടത്തണമെന്ന് ഉദ്ദേശിക്കുന്നവർ താമസിച്ചിട്ടുള്ള ജില്ലയിലെ ഏതെങ്കിലും ഒരു വിവാഹ രജിസ്ട്രാർക്ക് രേഖാമൂലം നോട്ടീസ് കൊടുക്കുകയാണ് വേണ്ടത്. രണ്ടുപേരും വ്യത്യസ്ത ജില്ലകളിലാണ് താമസിക്കുന്നതെങ്കിൽ നോട്ടീസ് ഓരോ ജില്ലയിലേയും വിവാഹ രജിട്രാർക്ക് നൽകണം. നോട്ടീസിൽ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന രണ്ടുപേരുടേയും കുടുംബപേരും പ്രവൃത്തിയും താമസസ്ഥലവും വിവാഹം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലവും മറ്റും വ്യക്തമാക്കിയിരിക്കണം. ഈ നോട്ടീസ് വിവാഹ രജിസ്ട്രാർ പ്രസിദ്ധീകരിക്കും. കൂടാതെ ഈ നോട്ടീസിലെ വിവരങ്ങൾ വിവാഹനോട്ടീസ് പുസ്തകത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. നിയമപരമായി മറ്റു തടസ്സങ്ങൾ ഇല്ലായെങ്കിൽ രജിസ്ട്രാർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ വിവാഹം രജിസ്ട്രാറുടെ മുമ്പിൽ വച്ച് രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടത്താവുന്നതാണ്.

# വിവാഹം അസാധുവാകുന്നത്

താഴെപ്പറയുന്ന കാരണങ്ങളാൽ ക്രിസ്ത്യൻ വിവാഹം പൂർണ്ണമായും നിയമസാധുതയില്ലാത്തതാണെന്ന് കോടതിക്ക് പ്രഖ്യാപിക്കാം.

1. വിവാഹം കഴിക്കുമ്പോഴും ഹർജി കൊടുക്കുമ്പോഴും എതിർകക്ഷിക്ക് ലൈംഗികവേഴ്ചക്ക് കഴിവില്ലാതിരിക്കുക.
2. നിയമം വിലക്കു കൽപ്പിച്ചിട്ടുള്ളതും അടുത്ത ബന്ധത്തിൽപെട്ടവരുമായുള്ള വിവാഹം.
3. വിവാഹം കഴിക്കുന്ന സമയത്ത് ഏതെങ്കിലും ഒരു കക്ഷി ചിത്ത ഭ്രമമുള്ളയാളോ മന്ദബുദ്ധിയോ ആയിരിക്കുക
4. വിവാഹം കഴിക്കുമ്പോൾ ആദ്യ വിവാഹം വേർപെടുത്താതിരിക്കുകയും ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുകയും ചെയ്യുക.
5. വിവാഹത്തിനുള്ള സമ്മതം ബലമായോ കപടമായോ ആയിരിക്കുക.

# വിവാഹമോചനം

1869-ലെ ഇന്ത്യൻ വിവാഹമോചന നിയമത്തിലെ കർശനമായ വ്യവസ്ഥയിൽ 2001-ൽ ഭേദഗതി ചെയ്തു. ഇതനുസരിച്ച് താഴെപ്പറയുന്ന കാരണങ്ങളാൽ ഒരു ക്രിസ്ത്യാനിക്ക് വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാം.

1. വ്യഭിചാരം ചെയ്യുക
2. മതപരിവർത്തനം നടത്തുക
3. എതിർകക്ഷിക്ക് ചികിത്സിച്ചാൽ മാറാത്ത മാനസികരോഗമോ കുഷ്ഠരോഗമോ ലൈംഗികരോഗമോ ഹർജി നൽകുന്നതിന് തൊട്ടുമുമ്പ് കുറഞ്ഞത് രണ്ട് കൊല്ലം തുടർച്ചയായി ഉണ്ടായിരിക്കുക
4. ഏഴു കൊല്ലമായി എതിർകക്ഷിയെക്കുറിച്ച് യാതൊരു വിവരവുമില്ലാതിരിക്കുക
5. ദാമ്പത്യബന്ധം പൂർത്തീകരിക്കാതിരിക്കുക
6. രണ്ടോ അതിൽ കൂടുതലോ വർഷങ്ങളായി വിവാഹബന്ധം പുന:സ്ഥാപിക്കാനുള്ള കോടതി ഉത്തരവ് പാലിക്കാതിരിക്കുക

7. മതിയായ കാരണമില്ലാതെ രണ്ടു വർഷം തുടർച്ചയായി എതിർകക്ഷി വേർപിരിഞ്ഞ് ജീവിക്കുക
8. ഒരുമിച്ച് ജീവിക്കാൻ ആവാത്തവിധം എതിർകക്ഷി ക്രൂരമായി പെരുമാറുക
9. കൂടാതെ ബലാത്സംഗം, പ്രകൃതിവിരുദ്ധ ലൈംഗിക കുറ്റ കൃത്യങ്ങൾ എന്നിവക്കു തന്നെ വിധേയയായി എന്നാരോപിച്ച് ഭാര്യക്ക് ഭർത്താവിനെതിരെ ഹർജി സമർപ്പിക്കാം

## ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനം

രണ്ടു വർഷത്തിനുമേൽ ജീവിതപങ്കാളികൾ വേർപിരിഞ്ഞ് താമസിക്കുകയും വിവാഹബന്ധം വേർപെടുത്താൻ രണ്ടുപേരും തീരുമാനമെടുക്കുകയും ചെയ്താൽ ഉഭയസമ്മതപ്രകാരം വിവാഹ മോചനത്തിനായി കക്ഷികൾക്ക് കോടതിയിൽ ഹർജി സമർപ്പിക്കാം.

## ദാമ്പത്യധർമ്മ പുനസ്ഥാപനം

വിവാഹപങ്കാളിയുമായി ഒരുമിച്ച് താമസിക്കാനും ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനുമുള്ള ഒരു വ്യക്തിയുടെ അവകാശം വിവാ ഹബന്ധത്തിലെ മൗലികമായ അവകാശമാണ്. ഈ സഹവാസ ത്തിന് ഏതെങ്കിലും ഒരു കക്ഷി തയ്യാറാവാതെ വന്നാൽ സഹവാസം നിഷേധിക്കപ്പെടുന്നയാളിന് സഹവാസം പുന:സ്ഥാപിച്ച് കിട്ടുന്നതിന് സഹവാസം നിഷേധിച്ചയാളിനെതിരെ നിയമനടപടി സ്വീകരിക്കാ മെന്ന് നിയമം പറയുന്നു.

## വേർപെട്ടു ജീവിക്കൽ

ചില പ്രത്യേക സാഹചര്യത്തിൽ ഭാര്യയും ഭർത്താവും വേർപെട്ട് ജീവിക്കുന്നതിന് വേണ്ടിയും കോടതിയെ സമീപിക്കാം. ഇത് പൂർണ്ണമായും വിവാഹമോചനമല്ല. എന്നാൽ വിവാഹമോചന ത്തിനുള്ള കാരണങ്ങൾ തന്നെയാണ് ഇവിടെയും അടിസ്ഥാനമാ ക്കിയിരിക്കുന്നത്.

## മുസ്ലീം വിവാഹം

മുസ്ലീം വിവാഹം അഥവാ നിക്കാഹ് വിശുദ്ധമായ ഒരു ഉടമ്പ ടിയാണ്. ഒരു സിവിൽ കരാറിന്റെ രീതിയാണ് ഇത്. മുസ്ലീം നിയമം അനുശാസിക്കുന്ന യോഗ്യതയും സ്വതന്ത്രമായ സമ്മതവും മറ്റ്

അനുഷ്ഠാനങ്ങളും ഇതിന് ഉണ്ടായിരിക്കണം. അവ താഴെ പറയുന്നവയാണ്.

1. വിവാഹം കഴിക്കുന്നതിനുള്ള പ്രാപ്തി
2. വാഗ്ദാനവും അത് സ്വീകരിക്കലും
3. മഹർ അഥവാ പുരുഷൻ സ്ത്രീക്ക് നൽകേണ്ടതായി നിശ്ചയിക്കുന്ന തുക
4. നിക്കാഹിന് പ്രായപൂർത്തിയും സ്ഥിരബുദ്ധിയും ഉള്ളവരായിരിക്കണം
5. ചിത്തഭ്രമമോ മാനസികാസ്വാസ്ഥമോ ഉള്ളവരാകാൻ പാടില്ല
6. നിക്കാഹിന് സാക്ഷികളായി സ്ഥിരബുദ്ധി ഉള്ളതും പ്രായപൂർത്തിയായതുമായ രണ്ട് പുരുഷൻമാർ ഉണ്ടായിരിക്കണം
7. ഏറ്റവും അടുത്ത ബന്ധുക്കളുമായുള്ള വിവാഹം അസാധുവാണ്.
8. അന്യമതത്തിൽപ്പെട്ടവരെ ഒരു മുസൽമാന് വിവാഹം കഴിക്കാൻ നിയമസാധുതയില്ല.

## വിവാഹമോചനം

### ഇസ്ലാമിൽ വിവാഹമോചനം മൂന്ന് വിധമാണ്.

1. ഭർത്താവ് മുൻകൈയെടുത്ത് വേർപെടുത്തുന്ന വിവാഹമോചനം- തലാഖ്
2. പരസ്പരം സമ്മതത്തോടെ നടത്തുന്ന വിവാഹമോചനം- ഖുലാ അഥവാ മുബാറത്
3. സ്ത്രീ മുൻകൈയെടുത്തു നടത്തുന്ന വിവാഹമോചനം ഇതിന് കോടതിയുടെ ഇടപെടൽ വേണമെന്ന് നിബന്ധനയുണ്ട്.

ഖുർ ആന്റെ അംഗീകാരം ഇല്ലാത്ത മറ്റൊരു രീതിയാണ് താലാഖുൽ ബിദത്ത് അഥവാ മുത്തലാഖ്. അതായത് തന്റെ ഭാര്യയെ വിവാഹബന്ധം വേർപെടുത്തുമ്പോൾ നിയമം അനുവദിച്ച് തന്നിട്ടുള്ള മൂന്ന് ആർത്തവഘട്ടം ഉൾക്കൊള്ളുന്ന കാലയളവ് തന്നിഷ്ടപ്രകാരം ഉപേക്ഷിച്ചുകൊണ്ട് യാതൊരു വിധത്തിലും ഇനി തിരിച്ചെടുക്കുകയില്ല എന്ന് വ്യക്തമാക്കുന്നത്.

വിവാഹ മോചിതനായ സ്ത്രീ മൂന്ന് ആർത്തവഘട്ടം വരെ വിവാഹം കഴിക്കുകയോ മറ്റ് പുരുഷനുമായി ലൈംഗികബന്ധത്തിലേർപ്പെടുകയോ ചെയ്യരുതെന്ന് ഇസ്ലാം അനുശാസിക്കുന്നു. ഈ കാലഘട്ടത്തെയാണ് ഇദ്ദാ എന്നു പറയുന്നത്. വിവാഹമോചിതയായ സ്ത്രീ ഗർഭിണിയാണെങ്കിൽ അവരുടെ ഇദ്ദാ കാലയളവ് പ്രസവം വരെയാണ്. പ്രസവം വരെ അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത്.

## മുസ്ലീം സ്ത്രീക്ക് വിവാഹമോചനത്തിനുള്ള കാരണങ്ങൾ

1. ഭർത്താവിനെ ക്രിമിനൽ ഏഴോ അതിലധികമോ വർഷത്തേക്ക് ശിക്ഷിക്കുക.
2. ന്യായമായ കാരണങ്ങളില്ലാതെ ഭർത്താവ് മൂന്ന് വർഷമോ അതിൽ കൂടുതൽ കാലമോ ഭാര്യയുമായി ദാമ്പത്യ ബന്ധം പുലർത്തുവാൻ വിസമ്മതിക്കുകയോ ദാമ്പത്യജീവിതത്തിലെ തന്റെ കടമകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക.
3. നാല് വർഷങ്ങളായി ഭർത്താവിനെപ്പറ്റി യാതൊരു വിവരവും ഇല്ലാതിരിക്കുക
4. വിവാഹസമയത്തും അതിനുശേഷവും ഭർത്താവ് വന്ധ്യനായിരിക്കുക
5. രണ്ടു വർഷക്കാലമായി ഭർത്താവിൽ നിന്ന് ചെലവിന് കിട്ടാതിരിക്കുക
6. ചിത്തഭ്രമം കുഷ്ഠരോഗം തീവ്രമായ ലൈംഗിക രോഗം ഇവ ഉണ്ടായാൽ
7. 15 വയസ്സിനു മുമ്പുള്ള വിവാഹം തിരസ്കരിക്കാൻ ഉള്ള അവകാശം 18 വയസ്സുകുമ്പോൾ ഉപയോഗിക്കാം.
8. ഭർത്താവിന്റെ ക്രൂരമായ പെരുമാറ്റം

ഇതിൽ ഏതെങ്കിലും കാരണങ്ങളാൽ ഒരു മുസ്ലീം സ്ത്രീക്ക് കോടതി മുഖാന്തിരം വിവാഹമോചനം തേടാവുന്നതാണ്. ഇതിൽ ക്രൂരത എന്നതിന് താഴെ പറയുന്നവയും ഉൾപ്പെടും.

1. ദേഹോപദ്രവം ഏൽപ്പിക്കുന്നത്.
2. ഭർത്താവ് അപയശ്ശസുള്ള സ്ത്രീകളുമായി ഇടപഴകുന്നത്.

3. ഇതുമൂലമുള്ള ദുഷ്കീർത്തി.
4. ഭാര്യയുടെ സ്വത്തുക്കൾ അന്യാധീനപ്പെടുത്തുന്നത്
5. ഭാര്യയുടെ മതവിശ്വാസത്തിനും ആചാരനുഷ്ഠാനങ്ങൾക്കും തടസ്സം നിൽക്കുന്നത്
6. ഭാര്യമാരെ പരിപാലിക്കുന്നതിൽ വിവേചനം കാണിക്കൽ തുടങ്ങിയവ

## കോടതി

മുസ്ലീം സ്ത്രീകൾ വിവാഹമോചനത്തിനായി കുടുംബകോടതികളെ സമീപിക്കണം.

വിവാഹമോചിതരായ സ്ത്രീകളുടെ അവകാശസംരക്ഷണ നിയമമനുസരിച്ച് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾക്ക് ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയെയാണ് സമീപിക്കേണ്ടത്.

## മുസ്ലീം വിവാഹമോചിതരുടെ അവകാശസംരക്ഷണ നിയമം

ഈ നിയമപ്രകാരം ഇദ്ദ ആചരിക്കുന്ന കാലത്ത് ന്യായായുക്തമായ രീതിയിൽ ചെലവിന് കിട്ടുന്നതിനുള്ള അവകാശം ഉണ്ട്. ഗർഭാവസ്ഥയിലാണ് തലാക്ക് ചൊല്ലിയതെങ്കിൽ കുട്ടിയുടെ ജനനം മുതൽ രണ്ട് വർഷക്കാലം സംരക്ഷണ ചിലവ് നൽകണം. മഹറിന്റെ ഓഹരിയും വിവാഹസമയത്തും അതിന് ശേഷവും ലഭിച്ച സ്വത്തുക്കളും സമ്മാനങ്ങളും തിരികെ കിട്ടാൻ അർഹതയുണ്ട്.

ഇവ കൂടാതെ മറ്റൊരു വിവാഹം വരേയോ മരണം വരേയോ ജീവിക്കുന്നതിലേക്ക് ഉള്ള ജീവനാംശം കണക്കാക്കി നൽകണം. സ്വന്തമായി ചിലവു കഴിയാൻ പറ്റാത്തവർക്ക് ബന്ധുക്കളേയോ അതുമല്ലെങ്കിൽ വഖഫ് ബോർഡിനേയോ സമീപിക്കാം.

## പ്രത്യേക വിവാഹ നിയമം

ജാതിമത വ്യത്യാസമില്ലാതെ ഇന്ത്യൻ പൗരത്വമുള്ള ഒരു പുരുഷനും സ്ത്രീക്കും തമ്മിൽ ഈ നിയമപ്രകാരം വിവാഹിതരാകാം.

ഈ നിയമപ്രകാരം സബ് രജിസ്ട്രാർ ഓഫീസിലെ നിയമിതനായ സബ് രജിസ്ട്രാറാണ് വിവാഹ ഓഫീസർ.

## നടപടിക്രമം

1. വിവാഹം നടത്താനുദ്ദേശിക്കുന്നവർ നിശ്ചിതഫാറത്തിൽ വിവാഹ ഓഫീസർക്ക് അപേക്ഷ കൊടുക്കണം.
2. ഏതെങ്കിലും ഒരാൾ നോട്ടീസ് തീയതി തൊട്ട് 30 ദിവസം മുമ്പ് വരെ താമസിച്ചിരുന്ന ജില്ലയിലെ ഓഫീസർ മുമ്പാകെ യാണ് നോട്ടീസ് നൽകേണ്ടത്.
3. 30 ദിവസത്തിനകം പരാതിയുണ്ടെങ്കിൽ ബോധിപ്പിക്കാം. എന്നാൽ അടിസ്ഥാനമില്ലാത്ത തർക്കം ഉന്നയിച്ചാൽ പിഴ ഈടാക്കാം.
4. നിയമപരമായി തടസ്സങ്ങളൊന്നും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ വിവാഹം നടത്താം.
5. സബ് രജിസ്ട്രാറുടെ ആഫീസിൽ വച്ചോ നിശ്ചിതഫീസട ച്ചാൽ തൊട്ടടുത്തുള്ള മറ്റേതെങ്കിലും സ്ഥലത്തുവച്ചോ കക്ഷി കളുടെ താത്പര്യം പോലെ വിവാഹം നടത്താം.
6. എന്നാൽ 3 സാക്ഷികളുടേയും രജിസ്ട്രാറുടേയും സാന്നിദ്ധ്യത്തിൽ പരസ്പരം സ്വീകരിക്കുന്നതായുള്ള പ്രതിജ്ഞ എടു ക്കേണ്ടതാണ്.
7. വിവാഹ രജിസ്ട്രാറിൽ ഒപ്പ് വയ്ക്കണം.

ഇതുപ്രകാരം കിട്ടുന്ന വിവാഹ സർട്ടിഫിക്കറ്റ് ഒരു പ്രധാന രേഖയാണ്.

## നിബന്ധനങ്ങൾ

1. വിവാഹസമയത്ത് പുരുഷന് ജീവിച്ചിരിക്കുന്ന മറ്റൊരു ഭാര്യയോ സ്ത്രീക്ക് ജീവിച്ചിരിക്കുന്ന മറ്റൊരു ഭർത്താവോ ഉണ്ടാവരുത്.
2. വിവാഹം കഴിക്കാനുദ്ദേശിക്കുന്നവർ മാനസിക രോഗിയോ മന്ദബുദ്ധിയോ ആയിരിക്കരുത്.
3. പ്രായപൂർത്തിയായിരിക്കണം.
4. നിയമം നിരോധിച്ചിട്ടുള്ള അടുത്ത രക്തബന്ധം ഉള്ളവരായി രിക്കരുത്.
5. വൈവാഹിക കടമ നിറവേറ്റാൻ കഴിയുന്ന വ്യക്തികളാകണം.
6. സ്വതന്ത്രമായ സമ്മതം ഉണ്ടായിരിക്കണം

7. കൂടാതെ തുടർച്ചയായ ചിത്തഭ്രമം അയോഗ്യതയായി കണക്കാക്കാം.

നേരത്തേ വിവാഹം കഴിച്ച വ്യക്തികൾക്കും ഈ നിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകാവുന്നതാണ്.

ഈ നിയമപ്രകാരവും ദാമ്പത്യബന്ധം പുന:സ്ഥാപിച്ചു കിട്ടാൻ കക്ഷികൾക്ക് കോടതിയെ സമീപിക്കാവുന്നതാണ്.

## വിവാഹ മോചനത്തിനുള്ള കാരണം

1. കക്ഷികളാരെങ്കിലും സ്വമനസ്സാലെ വിവാഹശേഷം മറ്റൊരാളുമായി ലൈംഗികബന്ധത്തിലേർപ്പെടുക.
2. വ്യഭിചാരം നടത്തുക
3. തുടർച്ചയായ രണ്ട് വർഷക്കാലം ഉപേക്ഷിക്കുക
4. ഏഴോ അതിലധികമോ കാലം തടവ് ശിക്ഷക്ക് വിധിക്കുക
5. ക്രൂരമായ പെരുമാറ്റം മാനസികമായ തകരാറ് പകരുന്ന ലൈംഗികരോഗം തുടങ്ങിയവ വിവാഹമോചനത്തിനുള്ള കാരണങ്ങളാണ്.

## സ്ത്രീകൾക്ക് പ്രത്യേക കാരണങ്ങൾ

1. ഭർത്താവ് ബലാൽസംഗം പ്രകൃതിവിരുദ്ധ ലൈംഗികബന്ധം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ
2. ഭാര്യക്ക് ജീവനാംശം അനുവദിച്ചുകൊണ്ടുള്ള അല്ലെങ്കിൽ ചെലവിന് കൊടുക്കണമെന്ന് ഭർത്താവിനോട് നിർദ്ദേശിച്ചുകൊണ്ടുള്ള കോടതി വിധിക്ക് ശേഷം ഒരു വർഷമോ അതിൽ കൂടുതലോ കാലം ദാമ്പത്യം പുന:സ്ഥാപിക്കാതിരുന്നാൽ

ഇതുകൂടാതെ ദാമ്പത്യം തകർന്നുവെന്ന് രണ്ടുപേർക്കും ബോദ്ധ്യപ്പെട്ടാൽ വിവാഹശേഷം ഒരു വർഷമോ അതിൽക്കൂടുതലോ കാലം വേറിട്ട് താമസിച്ചുവരുന്ന ദമ്പതികൾക്ക് ഉഭയസമ്മത പ്രകാരമുള്ള വിവാഹമോചന ഹർജി കോടതിയിൽ സമർപ്പിക്കാം.

പ്രത്യേക വിവാഹ നിയമപ്രകാരം വിവാഹിതരായവർ അവരുടെ വിവാഹം വിവാഹ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ തീയതി മുതൽ ഒരു വർഷത്തിന് ശേഷം മാത്രമേ വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാവൂ. എന്നാൽ അസാധാരണമായ സാഹച

ര്യത്തിൽ ഒരു വർഷത്തിന് മുൻപും ഹർജികൾ പരിഗണിക്കാൻ കോടതിക്ക് അധികാരമുണ്ട്.

വിവാഹമോചനം നേടുന്ന കക്ഷികൾക്ക് പുനർവിവാഹം കഴിക്കാൻ അവകാശം ഉണ്ട്. ഇത് കോടതിവിധിക്ക് എതിരെ ഏതെങ്കിലും കക്ഷി അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ അപ്പീൽ തീരുമാനത്തിന് ശേഷവും അപ്പീൽ നൽകിയിട്ടില്ല എങ്കിൽ അപ്പീൽ കാലാവധിക്ക് ശേഷവും (30 ദിവസം) പുനർ വിവാഹം നടത്താവുന്നതാണ്.

ചില പ്രത്യേക സാഹചര്യത്തിൽ ഭാര്യക്കും ഭർത്താവിനും ഒരുമിച്ച് താമസിക്കാൻ കഴിയാതെ വന്നാൽ കോടതിയുടെ അനുവാദത്തോടെ രണ്ടുപേർക്കും വേർപെട്ട് താമസിക്കാനുള്ള അവകാശം ഉണ്ട്. ഇതിനായി ഭാര്യക്കോ ഭർത്താവിനോ കോടതിയിൽ ഹർജി നൽകാം. വിവാഹമോചനത്തിനായുള്ള കാരണം തന്നെയാണ് ഇവിടേയും നിർദ്ദേശിച്ചിട്ടുള്ളത്.

## ജീവനാംശ നിയമങ്ങൾ

### ഹിന്ദു നിയമം

സ്വയം ചെലവു നടത്താൻ സ്വത്തോ വരുമാനമോ ഇല്ലാത്ത ഏതൊരു ഹിന്ദു ഭാര്യക്കും ഭർത്താവിൽ നിന്ന് ജീവനാംശം ആവശ്യപ്പെടാം.

ഭർത്താവ് മരിച്ചാൽ ഭർത്താവിന്റെ അച്ഛന് വരുമാനമുണ്ടെന്നും വിധവക്ക് സ്വയം സംരക്ഷണത്തിന് വകയൊന്നും ഇല്ലെന്നും വരികയാണെങ്കിൽ ഭർത്താവിന്റെ അച്ഛനിൽനിന്ന് ജീവനാംശം അവകാശപ്പെടാവുന്നതാണ്.

വിവാഹം കഴിയാത്ത പ്രായപൂർത്തിയായ മകൾക്ക് മാതാപിതാക്കളിൽ നിന്ന് ജീവനാംശം അവകാശപ്പെടാം.

വൃദ്ധരും നിരാലംബരുമായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ബാദ്ധ്യത മക്കൾക്കുണ്ട്.

### മുസ്ലീം നിയമം

പ്രായപൂർത്തിയെത്തിയ ദാമ്പത്യ ബന്ധത്തിലെ നിബന്ധകൾ പാലിക്കുന്ന അനുസരണകേടോ കാപട്യമോ ഇല്ലാത്ത ഒരു മുസ്ലീം ഭാര്യക്ക് ഭർത്താവ് എത്ര തന്നെ നിരാലംബനാണെങ്കിലും സംരക്ഷണവും ചെലവും നൽകേണ്ടതാണ്.

# മുസ്ലീം സ്ത്രീ വിവാഹമോചന സംരക്ഷണാവകാശ നിയമം

വിവാഹമോചിതയായ മുസ്ലീം സ്ത്രീക്ക് മുൻഭർത്താവിൽ നിന്നും

1. വിവാഹ സമയത്തോ അതിനുശേഷമോ ലഭിച്ച വസ്തുവകകൾ
2. ഇദ്ദാത്ത് കാലയളവിലേക്കുള്ള ചെലവുകൾ
3. ഭാവി സംരക്ഷണത്തിനുള്ള മൊത്തമായ തുക
4. ബാക്കി കിട്ടാനുള്ള മഹർ
5. ഗർഭിണിയാണെങ്കിലോ 2 വയസ്സിനു താഴെയുള്ള കുട്ടിയോ ഉണ്ടെങ്കിൽ മുലയൂട്ടുന്നതിന് പ്രത്യേകാനുകൂല്യം എന്നിവക്ക് അർഹതയുണ്ട്.

ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെയാണ് ഹർജി നൽകേണ്ടത്. കോടതി നിശ്ചയിക്കുന്ന തുക ഭർത്താവ് നൽകാതിരുന്നാൽ ഭർത്താവ് ജയിൽ ശിക്ഷ അനുഭവിക്കേണ്ടതാണ്. ഇതു കൂടാതെ ഭർത്താവിന്റെ അടുത്ത ബന്ധുക്കളിൽ നിന്നോ അതുമല്ലെങ്കിൽ വഖഫ് ബോർഡിനേയോ സമീപിക്കാം.

ഇതു കൂടാതെ വിധവയേയും വിവാഹ മോചിതയായ മകളേയും കുഞ്ഞിനേയും സംരക്ഷിക്കേണ്ടത് പിതാവിന്റെ കടമയാണ്.

എന്നാൽ തന്റെ കൂടെ ജീവിക്കാൻ പ്രത്യേക കാരണമൊന്നും കൂടാതെ വിസമ്മതിക്കുന്ന പ്രായപൂർത്തിയാകാത്ത മകനേയും അവിവാഹിതയായ മകളേയും സംരക്ഷിക്കാൻ പിതാവിന് സാധ്യതയില്ല.

കൂടാതെ സാമ്പത്തിക ലിംഗഭേദമന്യേ നിർദ്ധനരും നിരാലംബരുമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കേണ്ടതുണ്ട്.

## ക്രിസ്ത്യൻ നിയമം

ക്രിസ്ത്യാനികൾക്ക് പ്രത്യേകമായി ജീവനാംശ നിയമമില്ല.

ക്രിമിനൽ നടപടിക്രമം 125-ാം വകുപ്പ് പ്രകാരമാണ് ഹർജി ഫയൽ ചെയ്യേണ്ടത്. ഇത് കുടുംബകോടതിയുള്ള ജില്ലയിൽ

കുടുംബകോടതിയിലും അല്ലാത്ത സ്ഥലങ്ങളിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലുമാണ് ഫയൽ ചെയ്യേണ്ടത്.

125-ാം വകുപ്പ് എല്ലാ മതവിഭാഗങ്ങൾക്കും പൊതുവായിട്ടുള്ളതാണ്.

ഈ വകുപ്പനുസരിച്ച് ദീർഘകാലം ഭാര്യാഭർത്താക്കൻമാരായി കുടുംബജീവിതം കഴിച്ചവരേയും അവർ ഏതെങ്കിലും നിയമമനുസരിച്ച് വിവാഹിതരല്ലെങ്കിൽ കൂടിയും ജീവനാംശം നൽകുന്ന കാര്യത്തിൽ ഭാര്യാഭർത്താക്കന്മാരായി കണക്കാക്കണമെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. വിവാഹമോചനം നേടിയ ഭാരൃക്കും നിയമാനുസൃതമല്ലാതെയുള്ള മക്കൾക്കും ജീവനാംശത്തിന് അർഹതയുണ്ട്.

ജീവിതകാലം മുഴുവനും ഭർത്താവിൽനിന്ന് ജീവനാംശത്തിന് ഭാര്യക്ക് അവകാശപ്പെടാം.

എന്നാൽ ഭർത്താവിന്റെ കൂടെ താമസിക്കാനും ദാമ്പത്യ ധർമ്മം നിർവ്വഹിക്കാനും ഭാര്യ തയ്യാറാകണം. എന്നാൽ മാറി നിൽക്കാൻ ഉള്ള മതിയായ കാരണം ഉണ്ടെങ്കിൽ ജീവനാംശത്തിന് അർഹതയുണ്ട്.

കോടതി ചിലവിന് വിധിച്ച തുക കാലാനുസൃതമായി അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിതസ്ഥിതികൾ പരിഗണിച്ച് മാറ്റം വരുത്താൻ കോടതിക്ക് അധികാരമുണ്ട്.

കോടതി പുറപ്പെടുവിക്കുന്ന വിധി നടപ്പിലാക്കി കിട്ടാൻ എതിർകക്ഷി വിസമ്മതിക്കുന്ന പക്ഷം എതിർകക്ഷിയുടെ സ്വത്ത് കണ്ട്കെട്ടാനും ജയിലിലിലടക്കാനും അധികാരം കോടതിക്കുണ്ട്.

ഇപ്രകാരം വിധിക്കുന്ന തുക ഈടാക്കി കിട്ടാൻ ഒരു വർഷത്തിനകം തന്നെ കോടതി മുഖാന്തിരം ആവശ്യപ്പെട്ടില്ലയെങ്കിൽ പ്രസ്തുത കാലയളവിലേക്കുള്ള തുക ഹർജിക്കാരിക്ക് നഷ്ടമാകാനിടവരും.

കക്ഷിയുടെ ധനസ്ഥിതിയും ജീവിത നിലവാരവും മറ്റും പരിഗണിച്ചാണ് കോടതി ചിലവിനുള്ള തുക നിശ്ചയിക്കുന്നത്.

വിധിയുടെ പകർപ്പ് ഹർജിക്കാരിക്ക് കോടതിയിൽ നിന്ന് സൗജന്യമായി ലഭിക്കും.

# 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം കേരള സർക്കാർ 29/02/2008 ൽ പുറപ്പെടുവിച്ച 2008-ലെ കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ വിവാഹങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച സുപ്രധാന കാൽവയ്പ്പാണ്. നമ്മുടെ സാമുഹ്യജീവിതത്തിൽ പ്രസക്തമായ ഈ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകളെകുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

## 1. വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം

പഞ്ചായത്ത് ഡയറക്ടറെ വിവാഹ (പൊതു) മുഖ്യരജിസ്ട്രാർ ജനറലായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അർബൻ അഫയേഴ്സ്, ജോയിന്റ് ഡയറക്ടർ എന്നിവരെ യഥാക്രമം പഞ്ചായത്ത് പ്രദേശത്തെയും നഗരപ്രദേശത്തെയും വിവാഹ(പൊതു) രജിസ്ട്രാർ ജനറലായും അതാത് പ്രദേശത്തെ ജനന മരണരജിസ്ട്രാറെ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാറായും നാമനിർദ്ദേശം ചെയ്തിരിക്കുന്ന ഈ ചട്ടങ്ങളിലെ ആറാം ചട്ടം <u>വിവാഹം നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണം</u> എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് ഈ ചട്ടങ്ങൾ അനുശാസിക്കുന്നു.

## 2. വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടാത്ത സാഹചര്യങ്ങൾ

1. മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ അതത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതുമാണ്.
2. സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടത് ഹിതാനുസരണമായിരിക്കുകയും അപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുകയുമാണെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല.

3. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പുള്ള വിവാഹങ്ങൾ ഹിതാനുസരണം മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകുന്നതാണ്.

## 3. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധികാരികത

ഏതു തദ്ദേശ രജിസ്ട്രാറുടെ അധികാരികതക്ക് കീഴിലുള്ള പ്രദേശത്താണോ വിവാഹം നടന്നത് ആ പ്രദേശത്തെ തദ്ദേശ രജിസട്രാർ മുമ്പാകെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാർ ആയതിന് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള ഫാറത്തിൽ ഒരു (വിവാഹ പൊതു രജിസ്റ്റർ) വെച്ചു പോരേണ്ടതുമാണ്.

## 4. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമവും സമയപരിധിയും

1. വിവാഹത്തിലേർപ്പെട്ട കക്ഷികൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള ഒന്നാം നമ്പർ ഫാറത്തിൽ ഒരു മെമ്മോറാണ്ടം ഡ്യൂപ്ലിക്കേറ്റ് സഹിതം തയാറാക്കേണ്ടതും രണ്ട് സെറ്റ് ഫോട്ടോ സഹിതം ആയത് ബന്ധപ്പെട്ട തദ്ദേശരജിസ്ട്രാർക്ക് അവരുടെ വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.
2. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം, ഈ ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ ഒരു വർഷ കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ്.
3. മെമ്മോറാണ്ടത്തിൽ, വിവാഹത്തിലേർപ്പെടുന്ന ഇരുകക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലേയും ഈ ആവശ്യത്തിനായി വച്ചുപോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലേയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം

നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പും വിവാഹം നടന്നത് തെളിയിക്കാനുള്ള ഒരു രേഖയാക്കാവുന്നതാണ്. രജിസ്ട്രേഷനുവേണ്ടി മെമ്മോറാണ്ടം സമർപ്പിക്കുന്നതിനോടൊപ്പം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസായി പത്ത് രൂപ നൽകേണ്ടതാണ്.

4. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ളതും അത് സംബന്ധിച്ച് 45 ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷക്കാലാവധി കഴിയാത്തതുമായ, വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർക്ക് ചില നിബന്ധകൾക്ക് വിധേയമായി 100 രൂപ പിഴ ചുമത്തിയതിനുശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

## 5. വിവാഹ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച്

വിവാഹ പൊതു രജിസ്ട്രറിൽ ചേർക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷന് തെളിവായി അഞ്ചു രൂപ ഫീസ് നൽകുന്നതിനുമേൽ വിവാഹ സാക്ഷ്യപത്രം നിർദ്ദിഷ്ടഫോറത്തിൽ അഞ്ച് പ്രവർത്തിദിവസത്തിനകം അപേക്ഷകന് നൽകേണ്ടതാണ്.

## 6. വിവാഹം രജിസ്റ്റർ ചെയ്യുന്നത് നിരസിക്കൽ

തദ്ദേശ രജിസ്ട്രാറിന് വിവാഹം രജിസ്ട്രാർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം നിർദ്ദിഷ്ട ഫാറത്തിലോ, ആവശ്യമായ ഫീസ് സഹിതമോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ നിരസിക്കാവുന്നതും ആയത് 30 ദിവസകാലയളവിനുള്ളിൽ കക്ഷികളെ അറിയിക്കേണ്ടതുമാണ്.

## 7. വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാൽ

വിവാഹം രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള പരിണിത ഫലങ്ങൾ 15–ാം ചട്ടം വിശദമാക്കുന്നുണ്ട്. ഈ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ഈ ചട്ടങ്ങൾ പ്രകാരമോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥപ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള അധികാര സ്ഥാനങ്ങൾ അല്ലാതെയുള്ള ഏതെങ്കിലും അധികാര സ്ഥാനം നൽകുന്ന ഏതൊരു വിവാഹ സാക്ഷ്യപത്രവും സർക്കാർ യാതൊരു ആവശ്യത്തിനും സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ഈ ചട്ടങ്ങൾ നിലവിൽ

വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾക്ക് ഈ വ്യവസ്ഥ ബാധക മാകുന്നതല്ല.

## 8. ഒരു വർഷത്തിനുശേഷമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് -

2008-ലെ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നതും, വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങളും ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്നതും അപ്രകാരം നിലവിൽ വന്നതിനുശേഷം ഒരു വർഷം കഴിയുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള വിവാഹങ്ങളും ചില നിബന്ധനകൾക്ക് വിധേയമായി മാത്രവും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടിയും 250 രൂപ പിഴ നൽകിയതിൻമേൽ മാത്രമേ തദ്ദേശ രജിസ്ട്രാർ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

## 9. വിവാഹ രജിസ്റ്ററിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതും റദ്ദാക്കുന്നതും അവയുടെ പ്രസക്ത ഭാഗങ്ങൾ ലഭ്യമാക്കുന്നതും സംബന്ധിച്ച്.

തദ്ദേശ രജിസ്ട്രാർക്ക് സ്വമേധയായോ, കക്ഷികളുടെ അപേക്ഷയിന്മേലോ വിവാഹ പൊതു രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായോ കൃത്യതയല്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോദ്ധ്യപ്പെട്ടാൽ അദ്ദേഹത്തിന് ചില നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ തിരുത്തലുകൾ വരുത്താനും റദ്ദാക്കുന്നതിനും അധികാരമുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്. ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന സംഗതിയിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുന്നതും പേര്, വയസ്സ്. തീയതി മുതലായ സാരവത്തായ കാര്യങ്ങൾ സംബന്ധിച്ച തിരുത്തലുകളും റദ്ദാക്കലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടുകൂടി ചെയ്യേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേൾക്കേണ്ടതുമാണ്. ക്ലറിക്കൽ പിശകുകൾ ഒഴികെയുള്ള തിരുത്തലുകൾക്ക് 100 രൂപ ഫീസ് ഈടാക്കുന്നതാണ്.

## 10. വിവാഹ പൊതുരജിസ്റ്റർ പരിശോധിക്കലും പ്രസക്തഭാഗങ്ങൾ ലഭ്യമാക്കലും

ഏതൊരാൾക്കും അപേക്ഷ നൽകി 25 രൂപ ഫീസ് ഒടുക്കിയാൽ വിവാഹ പൊതുരജിസ്റ്റർ തദ്ദേശ രജിസ്ട്രാറെകൊണ്ട് പരിശോധിപ്പിക്കാവുന്നതും വിവാഹ സാക്ഷ്യപത്രം വാങ്ങാവുന്നതാണ്.

## 11. അപ്പീൽ/റിവിഷൻ

2008 ലെ ചട്ടങ്ങളിലെ 16 ഉം 17 ഉം ചട്ടങ്ങൾ അപ്പീലും റിവിഷനും നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നു.

1. അപ്പീൽ : തദ്ദേശ രജിസ്ട്രാറിന്റെ ഏതൊരു തീരുമാനത്തിനെതിരെയും ബന്ധപ്പെട്ട രജിസ്ട്രർ ജനറൽ മുമ്പാകെ അപ്പീൽ നൽകാവുന്നതും അപ്രകാരമുള്ള അപ്പീൽ അങ്ങനെയുള്ള ഏതെങ്കിലും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസകാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളാൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം അപ്പീൽ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്വീകരിച്ചുകൊണ്ടോ അല്ലെങ്കിൽ അപ്പീൽ അനുവദിച്ചുകൊണ്ടോ അറുപതു ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.
2. റിവിഷൻ : ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ മുഖ്യരജിസ്ട്രാർ ജനറൽ മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള റിവിഷൻ അങ്ങനെയുള്ള തീരുമാനം അറിയിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്. എന്നിരുന്നാലും മുഖ്യ രജിസ്ട്രാർ ജനറലിന് മതിയായ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്. അദ്ദേഹം റിവിഷൻ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം തദ്ദേശ രജിസ്ട്രാറിന്റെ ഉത്തരവ് സ്ഥിതീകരിച്ചുകൊണ്ടോ അല്ലെങ്കിൽ റിവിഷൻ അനുവദിച്ചുകൊണ്ടോ അറുപതു ദിവസ കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യകത സമൂഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിന് ഒന്നാകയും സ്ത്രീസമൂഹത്തിന് പ്രത്യേകിച്ചും, പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ഈ ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും ചെയ്യിക്കുന്നതിനുമുള്ള കടമ നമ്മളിലോരോരുത്തരിലും നിക്ഷിപ്തമാണ്.

## ഫാറം I

ചട്ടം 9(1) കാണുക

## വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം

1. വിവാഹ തീയതി :

2. വിവാഹ സ്ഥലം : തദ്ദേശ പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല (മണ്ഡപം, ഹാൾ മുതലായവ വ്യക്തമാക്കുക)

   ...................... ...................... ...................... ......................
   .......................

| | |
|---|---|
| ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ് | ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ് |

3. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികളുടെ വിശദ വിവരങ്ങൾ (വിവാഹ തീയതികൾ)

| വിവരങ്ങൾ | * ഭർത്താവ് | ഭാര്യ |
|---|---|---|
| എ. പൂർണ്ണമായ പേര് | | |
| ബി. പൗരത്വം | | |
| സി. വയസ്സും ജനനത്തീയതിയും (മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്) | | |
| ഡി. സ്ഥിര മേൽവിലാസം | | |
| ഇ. ഇപ്പോഴത്തെ മേൽവിലാസം | | |
| എഫ്. മുമ്പ് വിവാഹിതനാണോ അല്ലെയോ<br>വിവാഹിതൻ<br>അവിവാഹിതൻ<br>വിഭാര്യൻ<br>വിധവ<br>വിവാഹ ബന്ധം വേർപ്പെടുത്തിയ ആൾ | | |
| (ജി) ഏതെങ്കിലും ജീവിതപങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതെ എങ്കിൽ എത്ര ജീവിതപങ്കാളി ജീവിച്ചിരുപ്പുണ്ട്) | | |

| വിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| (എച്ച്) തീയതിയോടുകൂടിയുള്ള ഒപ്പ് | | |
| (ഐ) പിതാവിന്റെ അഥവാ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| (ജെ) വയസ്സ് | | |
| (കെ) മേൽവിലാസം | | |
| (എൽ) തീയതിയോടൂകൂടിയുള്ള ഒപ്പ് (അയാൾ സമ്മതിക്കുന്ന കക്ഷിയാണെങ്കിൽ) | | |

* ബാധകമാകുന്നതിന് (✓) അടയാളം ഇടേണ്ടതാണ്.

4. വിവാഹം നടന്നതിനുള്ള സാക്ഷികൾ

   1. (എ) പേര്
      (ബി) മേൽവിലാസം
      (സി) ഒപ്പും തീയതിയും
   2. (എ) പേര്
      (ബി) മേൽവിലാസം
      (സി) ഒപ്പും തീയതിയും

5. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹ രേഖകൾ ഏതെങ്കിലു മുണ്ടെങ്കിൽ അവയുടെ വിശദ വിവരം

**കക്ഷികളുടെ പ്രഖ്യാപനം**

ഞങ്ങൾ.................................................................. മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

കക്ഷികളുടെ ഒപ്പ്

സ്ഥലം — 1. ഭർത്താവ്

തീയതി — 2. ഭാര്യ

**(ഓഫീസ് ആവശ്യത്തിന്)**

................................................ തീയതിയിൽ/തപാൽ വഴി/നേരിട്ട് ലഭിച്ചു.

തദ്ദേശ രജിസ്ട്രാർ.

വിവാഹ (പൊതു) രജിസ്റ്ററിൽ .................................................... തീയതിയിൽ ........................................ രജിസ്ട്രേഷൻ നമ്പരായി രജിസ്റ്റർ ചെയ്തു.

തദ്ദേശ രജിസ്ട്രാർ.

ഫാറം II

പാർലമെന്റ് അംഗം/നിയമസഭാംഗം/ഗസറ്റഡ് ഉദ്യോഗസ്ഥൻ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗം എന്നിവരുടെ പ്രഖ്യാപനം (ഒരു വർഷ ത്തിനുശേഷം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ)

[ചട്ടം 9 (4) ചട്ടം 10 ഉം കാണുക)]

ശ്രീ.......................................................................................... ഉം

.................................................................................................... ഉം

തമ്മിലുള്ള വിവാഹം ..........................................................................

തീയതിയിൽ നടന്നിട്ടുള്ളതാണെന്നും ഇക്കാര്യം എനിക്ക് നേരിട്ടറിയാമെന്നും

ഞാൻ ..........................................................................................

ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം, തീയതി

എന്നിവയോടു കൂടിയുള്ള ഒപ്പ്

ഫാറം നമ്പർ III

ചട്ടം 8 കാണുക

## വിവാഹം (പൊതു) രജിസ്റ്റർ

1. വിവാഹ തീയതി :

2. വിവാഹ സ്ഥലം : തദ്ദേശ പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല (കല്ല്യാണ മണ്ഡപം, ഹാൾ മുതലായവ വ്യക്തമാക്കുക)

...................... ...................... ...................... ......................

.......................

ഭർത്താവിന്റെ ഒപ്പ്

ഭാര്യയുടെ ഒപ്പ്

| | |
|---|---|
| ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ് | ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ് |

3. വിവാഹത്തിലേർപ്പെട്ട കക്ഷികളുടെ വിശദവിവരങ്ങൾ (വിവാഹ തീയതിയിൽ)

| വിശദവിവരങ്ങൾ | * ഭർത്താവ് | ഭാര്യ |
|---|---|---|
| എ. പൂർണ്ണമായ പേര് | | |
| ബി. പൗരത്വം | | |
| സി. ജനനത്തീയതിയും വയസ്സും | | |
| ഡി. സ്ഥിര മേൽവിലാസം | | |
| ഇ. ഇപ്പോഴത്തെ മേൽവിലാസം | | |
| എഫ്. മുമ്പ് വിവാഹിതനാണോ അല്ലയോ | | |
| വിവാഹിതൻ | | |
| അവിവാഹിതൻ | | |
| വിഭാര്യൻ | | |
| വിധവ | | |
| വിവാഹ ബന്ധം വേർപ്പെടുത്തിയ ആൾ | | |

| വിശദവിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| (ജി) ഏതെങ്കിലും ജീവിതപങ്കാളി ജീവിച്ചിരിപ്പുണ്ടോ (അതെ എങ്കിൽ എത്ര ജീവിതപങ്കാളി ജീവിച്ചിരുപ്പുണ്ട്) | | |
| (എച്ച്) പിതാവിന്റെ അഥവാ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| (ഐ) വയസ്സ് | | |
| (ജെ) മേൽവിലാസം | | |
| (കെ) മാതാവിന്റെ പേര് | | |
| (എൽ) വയസ്സ് | | |
| (എൽ) മേൽവിലാസം | | |

4. വിവാഹം നടന്നതിനുള്ള സാക്ഷികൾ

1. (എ) പേര്
   (ബി) മേൽവിലാസം

2. (എ) പേര്
   (ബി) മേൽവിലാസം

5. മെമ്മോറാണ്ടം ലഭിച്ച തീയതി ............................................

6. ചട്ടം 9/ചട്ടം 10 പ്രകാരം ആവശ്യമായ വിവാഹരേഖകളുടെ വിശദവിവരങ്ങൾ.

തീയതി: തദ്ദേശ രജിസ്ട്രാർ

രജിസ്ട്രേഷൻ നമ്പർ: /വർഷം തീയതി

തദ്ദേശ രജിസ്ട്രാർ

ഫാറം നമ്പർ IV

[ചട്ടം 11 (1) കാണുക]

**കേരള സർക്കാർ**

.................................വകുപ്പ്

**വിവാഹ സാക്ഷ്യപത്രം**

[2008-ലെ കേരള വിവാഹ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം നൽകുന്നത്]

സാക്ഷ്യപത്രം നമ്പർ.................................തീയതി......................

(തദ്ദേശ പ്രദേശം)-ലെ തദ്ദേശ രജിസ്ട്രാറിന്റെ ഓഫീസിൽ ഫാറം നമ്പർ III ൽ സൂക്ഷിച്ചിട്ടുള്ള വിവാഹരജിസ്റ്ററിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ എടുത്തിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1. വിവാഹ തീയതി :
2. വിവാഹ സ്ഥലം : (ഫാറം നമ്പർ III-ലുള്ളതുപോലെ)
3. വിവാഹത്തിലേർപ്പെട്ട കക്ഷികളുടെ വിശദവിവരം (വിവാഹ തീയതിയിൽ)

| വിശദവിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| എ. പൂർണ്ണമായ പേര് | | |
| ബി. പൗരത്വം | | |
| സി. ജനനത്തീയതിയും വയസ്സും | | |
| ഡി. തൊഴിൽ | | |
| ഇ. സ്ഥിര മേൽവിലാസം | | |
| എഫ്. മാതാപിതാക്കളുടെ പേരും അല്ലെങ്കിൽ രക്ഷാകർത്താവിന്റെ പേരും ബന്ധവും | | |
| 1. പിതാവ് | | |
| 2. മാതാവ് | | |
| 3. രക്ഷാകർത്താവ് | | |

| വിശദവിവരങ്ങൾ | ഭർത്താവ് | ഭാര്യ |
|---|---|---|
| ഫോട്ടോഗ്രാഫുകൾ<br><br>(ഫോട്ടോയിൽ ഓഫീസ് മുദ്ര പതിക്കേണ്ടതാണ്) | | |

രജിസ്ട്രേഷൻ നമ്പർ................................................./വർഷം

രജിസ്ട്രേഷൻ തീയതി.............................................................

തദ്ദേശ രജിസ്ട്രാർ

തദ്ദേശപ്രദേശത്തിന്റെ പേര്

എന്റെ കൈയൊപ്പും മുദ്രയോടും കൂടി .................................... തീയതിയിൽ നൽകിയത്